(ബി) ലീവ് സറണ്ടർ ആനുകൂല്യം പുനഃസ്ഥാപിച്ചിട്ടുണ്ടോ ; പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) എത്ര ഗഡു ക്ഷാമബത്ത കുടിശ്ശികയുണ്ട് ; കുടിശ്ശിക നല്കാൻ ആലോചിച്ചിട്ടുണ്ടോ ; അടുത്ത ശമ്പളം മുതൽ കുടിശ്ശിക ഡി. എ. അനുവദിക്കുമോ ;

(ഡി) വൈദ്യുതിഭവനു മുമ്പിൽ ജീവനക്കാർ നടത്തിവരുന്ന പ്രക്ഷോഭം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ സംഘടനകളുമായി ചർച്ച ചെയ്ത് പ്രശ്നം പരിഹരിക്കാൻ എന്തുകൊണ്ടാണ് അധികൃതർ വൈമുഖ്യം കാണിക്കുന്നതെന്ന് വ്യക്തമാക്കാമോ ; ചർച്ച ചെയ്ത് പ്രശ്നം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വെട്ടിക്കുറച്ച ആനുകൂല്യങ്ങളൊന്നും തന്നെ പുനഃസ്ഥാപിച്ചിട്ടില്ല.

(ബി) ഇല്ല. ബോർഡിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് മാത്രമേ ഇക്കാര്യം പരിഗണിക്കാനാവുകയുള്ളൂ.

(സി) രണ്ട് ഗഡു ഡി.എ. കുടിശ്ശികയുണ്ട്. അത് നല്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രശ്നം പരിഹരിക്കാനുള്ള ആദ്യ നടപടിയായി സംഘടനകളുമായി ബോർഡ് 27-5-2003-ൽ ചർച്ച നടത്തുകയുണ്ടായി. ചർച്ചയിൽ തീരുമാനിച്ച കാര്യങ്ങൾ പടിപടിയായി നടപ്പിലാക്കാനായി നടപടി സ്വീകരിച്ചു വരുന്നു.

കെ.എസ്.ഇ.ബി.-യിൽ പി.എസ്.സി. വഴി നിയമനം ലഭിച്ച സിവിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരെ അതേ നിയമന ഉത്തരവിൽക്കൂടിതന്നെ പിരിച്ചുവിട്ട നടപടി

137 (3939) ശ്രീ. കെ. കെ. ഷാജു :
ശ്രീ. ഷിബു ബോബി ജോൺ :
ശ്രീ. എ. എൻ. രാജൻ ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യിൽ പി.എസ്.സി.വഴി നിയമനം ലഭിച്ച സിവിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരെ അതേ നിയമന ഉത്തരവിൽകൂടി തന്നെ പിരിച്ചുവിട്ട നടപടി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതേ തസ്തികയിൽ പി.എസ്.സി. വഴിയുള്ള നിയമനത്തിന് എത്ര ശതമാനമാണ് നീക്കി വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) യഥാർത്ഥത്തിൽ നിയമനം ലഭിക്കുവാൻ അർഹരായിട്ടും ബഹുമാനപ്പെട്ട കോടതി ഇടപെട്ടതിന്റെ അടിസ്ഥാനത്തിൽ മാത്രം നിയമനം നല്കുകയും അതേ ഉത്തരവ് അനുസരിച്ച് പിരിച്ചുവിടുകയും ചെയ്തതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) പ്രമോഷൻ നല്കി എത്രപേരെ ഇതേ തസ്തികയിൽ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും എടുക്കേണ്ട ശതമാനത്തിൽ പ്രമോഷൻ നല്കി നിയമിച്ചുവെന്ന ആരോപണം ശരിയാണോയെന്ന് വ്യക്തമാക്കാമോ ;

(എഫ്) ഇതുസംബന്ധിച്ച് ഏതെങ്കിലും വ്യക്തികളോ സംഘടനകളോ എന്തെങ്കിലും നിവേദനം ബന്ധപ്പെട്ടവർക്ക് നല്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ജി) ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച് എന്ത് നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ ;

(എച്ച്) ഇവർക്ക് വീണ്ടും കെ.എസ്.ഇ.ബി.-യിൽ നിയമനം നല്കുന്നതിന് അടിയന്തരമായി നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 40 ശതമാനം.

(സി) വൈദ്യുതി ബോർഡിൽ നടപ്പിലാക്കുന്ന പുനഃക്രമീകരണത്തിന്റെ ഭാഗമായി സിവിൽ വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകളിലായിട്ടാണ് നിയമനം നടത്താനിരുന്നത്.

(ഡി&ഇ) പരിശോധിച്ചു വരുന്നു.

(എഫ്) നിവേദനം നല്കിയിട്ടുണ്ട്.

(ജി) നിവേദനം പരിശോധിച്ചുവരുന്നു.

(എച്ച്) ഒഴിവുകളുടെ ലഭ്യതയും ഒഴിവുകൾ നികത്തേണ്ടതിന്റെ ആവശ്യകതയും കണക്കിലെടുത്ത് മാത്രമേ ഇവയ്ക്ക് നിയമനം നല്കുന്ന കാര്യം പരിഗണിക്കാനാവുകയുള്ളു.

ഡി.സി.ആർ.ജി. തടഞ്ഞു വച്ച നടപടി

138 (3940) ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999-ൽ പുനലൂർ ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറായിരിക്കെ റിട്ടയർ ചെയ്ത ശ്രീ. കുര്യൻ ജോർജിന്റെ ഡി.സി.ആർ.ജി.-യിൽ നിന്നും 20,000 രൂപ തടഞ്ഞു വച്ചിട്ടുള്ളതിന്റെ കാരണങ്ങൾ വിശദീകരിക്കാമോ ;

(ബി) ബോർഡിലെ ചില ഉന്നത ഉദ്യോഗസ്ഥർക്കെതിരെ ശ്രീ. കുര്യൻ ജോർജ് കോടതിയിൽ കേസ് ഫയൽ ചെയ്തതിനാലാണ് ഇപ്രകാരം ഡി.സി.ആർ.ജി. തുക തടഞ്ഞു വച്ചിട്ടുള്ളതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത തുക തടഞ്ഞു വച്ചതിനെതിരെ ശ്രീ. കുര്യൻ ജോർജ് ബഹുമാനപ്പെട്ട കേരളാ ലോകായുക്തയിൽ കേസ് ഫയൽ ചെയ്തിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly